**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സെന്റ്.തെരേസാസ് കോളേജ്, എറണാകുളം (സ്വയംഭരണം) - 2014 അഡ്മിഷൻ മുതൽ B.Sc. Apparel & Fashion Design എന്ന പ്രോഗ്രാം വിജയിച്ച് ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിച്ചതും തുടർന്ന് ലഭിക്കേണ്ടതുമായ വിദ്യാർത്ഥികൾക്ക് കോർ കോഴ്സിന്റെ പേര് Apparel &Fashion Design എന്ന് രേഖപ്പെടുത്തി ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 3038/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.07.2020

---

*പരാമർശം:*-1)30/09/2019-ലെ എറണാകുളം സെന്റ് തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ അപേക്ഷ.
2) 24/10/2019-ലെ എറണാകുളം സെന്റ് തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ STCAU/876/ 2019 നമ്പർ കത്ത്.
3 )21 / 2 / 2017 തീയതിയിലെ സർവകലാശാലാ ഉത്തരവ് നം .1036 / ബി .7 / 2016 / അക്കാദമിക്

**<u>ഉത്തരവ്</u>**

സ്വയംഭരണ പദവിയുള്ള എറണാകുളം സെന്റ്.തെരെസാസ് കോളേജിൽ പരാമർശം (3)ഉത്തരവ് പ്രകാരം സിലബസ് അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ട B.Sc. Apparel & Fashion Design പ്രോഗ്രാം വിജയിച്ച Neenu Maria Thankachan, Elsa Maria Davis എന്നീ വിദ്യാർത്ഥിനികൾക്ക് നൽകിയ ഡിഗ്രി സാക്ഷ്യപത്രത്തിലെ കോർ കോഴ്സിന്റെ പേരിൽ വന്നിരിക്കുന്ന വ്യത്യാസം തിരുത്തി മറ്റൊരു സാക്ഷ്യപത്രം നൽകുന്നതിനായി പരാമർശം-1 പ്രകാരം ടി കോളേജ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടി പ്രോഗ്രാമിന് നൽകിയിരിക്കുന്ന സാക്ഷ്യപത്രങ്ങളിൽ കോംപ്ലിമെന്ററി പേപ്പറിന്റെ ക്രമത്തിൽ വന്നിരിക്കുന്ന വ്യത്യാസം തിരുത്തി നൽകുന്നതിന് പരാമർശം-2 പ്രകാരം പ്രിൻസിപ്പൽ മറ്റൊരു അപേക്ഷയും സമർപ്പിച്ചിരുന്നു.

പ്രസ്തുത പ്രോഗ്രാം ടി കോളേജിൽ മാത്രമാണ് നിലവിലുള്ളത്. സ്വയംഭരണ പദവി ലഭിക്കുന്നതിന് മുൻപ് സർവ്വകലാശാല, B.Sc. Apparel & Fashion Design പ്രോഗ്രാമിന്റെ Core Course-Apparel & Fashion Designing എന്ന് രേഖപ്പെടുത്തിയാണ് ഡിഗ്രി സാക്ഷ്യപത്രങ്ങൾ നല്കിവന്നിരുന്നത്. എന്നാൽ പ്രസ്തുത പ്രോഗ്രാമിന്റെ സിലബസിൽ Core Course-Apparel & Fashion Design എന്നാണുള്ളത്. സർവ്വകലാശാല ഡിഗ്രി പ്രിന്റിങ് പോർട്ടലിൽ Core Course - Apparel & Fashion Designing എന്ന് ഇപ്പോഴും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന കാരണത്താൽ ആണ് ടി കോളേജിന് സ്വയംഭരണം ലഭിച്ചതിനു ശേഷം സർവ്വകലാശാല വിതരണം ചെയ്ത ഡിഗ്രി സാക്ഷ്യപത്രത്തിൽ ഇപ്രകാരം വ്യത്യാസം വന്നിട്ടുള്ളത്.

ടി കോളേജിന് സ്വയംഭരണപദവി ലഭിക്കുന്നതിന് മുൻപ് B.Sc. Apparel & Fashion Design പ്രോഗ്രാമിന്റെ സർവ്വകലാശാല നൽകിയിരുന്ന സാക്ഷ്യപത്രങ്ങളിൽ കോംപ്ലിമെന്ററി കോഴ്സുകൾ Complementary I-Enterpreneurship, Complementary II-Textiles എന്ന ക്രമത്തിലാണ് രേഖപ്പെടുത്തിരുന്നത്. എന്നാൽ സ്വയംഭരണ പദവി ലഭിച്ചതിന് ശേഷം ഉള്ള ആദ്യ ബാച്ച് ആയ 2014-ൽ പ്രവേശനം ലഭിച്ച് 2017-ൽ വിജയിച്ച വിദ്യാർത്ഥികൾക്ക് കോളേജ് എപ്രകാരമാണോ ഗ്രേഡ് കാർഡിൽ Complementary I, Complementary II എന്നത് രേഖപ്പെടുത്തിയിരുന്നത് അപ്രകാരം തന്നെയാണ് ഡിഗ്രി സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. അതായത് 2017-ൽ വിജയിച്ച വിദ്യാർത്ഥികൾക്ക് Complementary I-Textiles, Complementary II-Enterpreneurship എന്ന് രേഖപ്പെടുത്തിയാണ് ഡിഗ്രി സാക്ഷ്യപത്രം നൽകിയത്. എന്നാൽ ഇപ്പോൾ

Draft #1 of File 38348/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 26-Jun-2020 01:19 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഡിഗ്രി സാക്ഷ്യപത്രത്തിൽ കോംപ്ലിമെന്ററി കോഴ്സുകൾ ശരിയായി രേഖപ്പെടുത്തി നൽകണമെന്ന് പ്രിൻസിപ്പൽ പരാമർശം-2 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ അപേക്ഷകൾ ബഹു.വൈസ് ചാൻസലറുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ എറണാകുളം സെന്റ്.തെരേസാസ് കോളേജിലെ 2014 അഡ്മിഷൻ മുതൽ ടി പ്രോഗ്രാം വിജയിച്ച് സാക്ഷ്യപത്രങ്ങൾ ലഭിച്ചതും ഇനി ലഭിക്കുവാനുള്ളതുമായ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റിൽ ടി പ്രോഗ്രാമിന്റെ കോർ കോഴ്സിന്റെ പേര് **Apparel & Fashion Design എന്ന് രേഖപ്പെടുത്തി** നൽകുന്നതിനും, ടി പ്രോഗ്രാമിന്റെ കോംപ്ലിമെന്ററി പേപ്പറുകൾ ഡിഗ്രി സർട്ടിഫിക്കറ്റിൽ പ്രിന്റ് ചെയ്തിരിക്കുന്ന ക്രമം മാർക്ക്‌ലിസ്റ്റിൽ കോളേജ് രേഖപ്പെടുത്തിയിട്ടുള്ള ക്രമത്തിൽത്തന്നെയായതിനാൽ അതിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും ബഹു. വൈസ്ചാൻസിലർ ഉത്തരവ് നൽകിയിരിക്കുന്നു. തിരുത്തലുകൾ ആവശ്യമുള്ള ഡിഗ്രി സട്ടിഫിക്കറ്റുകൾ വിദ്യാർഥികളിൽനിന്നും ശേഖരിച്ച് കോളേജ് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ സെന്റ് തെരേസാസ് കോളേജ് , എറണാകുളം
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. എ.സി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടന്റ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി.
9. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39സെക്ഷൻ
10. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

Draft #1 of File 38348/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 26-Jun-2020 01:19 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം